**പതിമൂന്നാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ: 7946

16.07.2014 ൽ ബഹു: ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി
മറുപടി പറയേണ്ടത്

**ധനകാര്യ വകുപ്പിലെ ആധുനികവത്കരണം**

**ചോദ്യം**

ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. മോൻസ് ജോസഫ്
ശ്രീ. സി.എഫ്. തോമസ്
ശ്രീ. റ്റി.യു. കുരുവിള

**ഉത്തരം**

ശ്രീ. കെ.എം. മാണി, ധനകാര്യവും
നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി

| | | | |
|---|---|---|---|
| (എ) | ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ; | : | ധനകാര്യ വകുപ്പിനെ കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തുകയും ഇ-ഓഫീസ് സംവിധാനത്തിലൂടെ ഫയലുകൾ സമർപ്പിക്കുകയും ചെയ്തു വരുന്നു. വകുപ്പിലെ ജീവനക്കാരുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ പരിശീലന പരിപാടികൾ നടപ്പിലാക്കി വരുന്നു. |
| (ബി) | ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കുമോ ; | : | ധനവകുപ്പിൽ എത്തുന്ന ഫയലുകൾ എത്രയും വേഗം തീർപ്പ് കല്പിക്കുന്നതിനായി ഇ-ഫയലിംഗ് നടപ്പിലാക്കി വരുന്നു. |
| (സി) | ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം നടത്തി ഡി.ഡി.എഫ്.എസ്. നടപ്പാക്കുമോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | : | ധനവകുപ്പിൽ പൂർണ്ണമായും കമ്പ്യൂട്ടർവത്ക്കരണം ഏർപ്പെടുത്തിയിട്ടുണ്ട്. ഡി.ഡി.എഫ്.എസിനു പകരം ഇ-ഫയലിംഗ് സംവിധാനമാണ് നടപ്പിലാക്കി വരുന്നത്. |

**സെക്ഷൻ ഓഫീസർ**